**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1326** **15-10-2026-ൽ മറുപടിയ്ക്ക്**

**ചിറ്റിലഞ്ചേരി ആസ്ഥാനമായി പുതിയ വില്ലേജ് രൂപീകരണം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. എം. ശശി

ശ്രീ. എ. പി. അനിൽ കുമാർ
(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** ജനസംഖ്യാനുപാതികമായി പരിഗണിക്കുമ്പോൾ ആലത്തൂർ മണ്ഡലത്തിലെ മേലാർകോട് വില്ലേജിൽ റവന്യൂ വകുപ്പിന്റെ സേവനങ്ങൾക്ക് ഒരു വില്ലേജ് ഓഫീസ് മാത്രമാണ് ഉള്ളത് എന്നതിനാൽ ജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**മറുപടി:** നിലവിൽ മേലാർകോട് വില്ലേജ് വിഭജനം സർക്കാർ പരിഗണനയിലില്ല

**(ബി)** പ്രസ്തുത വിഷയം പരിഹരിക്കുവാൻ മേലാർകോട് വില്ലേജ് വിഭജിച്ച് ചിറ്റിലഞ്ചേരി ആസ്ഥാനമായി ഒരു പുതിയ വില്ലേജ് രൂപീകരിക്കുന്ന വിഷയം പരിഗണനയിലുണ്ടോ;

**മറുപടി:** 'എ' പിരിവിനുള്ള മറുപടി

**(സി)** ഭൂരേഖാ വകുപ്പിലെ സർവ്വേയർമാരുടെ കുറവ് കാരണം സർവ്വേ നടപടികളിൽ കാലതാമസമുണ്ടാകുന്നത് പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമാക്കുമോ?

**മറുപടി:** ഡിജിറ്റൽ സർവേ ഉൾപ്പെടെയുള്ള ജോലികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും ILIMS സേവനങ്ങൾക്കുമായി സ്ഥിരം ജീവനക്കാർക്ക് പുറമേ കരാറടിസ്ഥാനത്തിൽ സർവേയർമാരെയും ഹെൽപ്പർമാരെയും നിയോഗിച്ചിട്ടുണ്ട്. കൂടാതെ സർവേ പ്രവർത്തനങ്ങളുടെ വേഗതയും കാര്യക്ഷമതയും വർദ്ധിപ്പിക്കുന്നതിന് ആധുനിക ഡിജിറ്റൽ സാങ്കേതികവിദ്യകളും പുതിയ ഉപകരണങ്ങളും പ്രയോജനപ്പെടുത്തിവരുന്നു. ഡിജിറ്റൽ സർവെ, ലാൻഡ് റിക്കാർഡ് മെയിന്റനൻസ് (LRM), ഭൂമി ഏറ്റെടുക്കൽ, ഭൂമി പതിച്ചുനൽകൽ, മിച്ചഭൂമി സർവെ, ദേശീയപാത-റെയിൽവേ വികസന പദ്ധതികൾ, ബഹു. കോടതികളുടെ നിർദേശ പ്രകാരമുള്ള സർവെ, സർക്കാരിന്റെ വിവിധ വികസന പദ്ധതികൾക്കാവശ്യമായ പ്രത്യേക സർവെ തുടങ്ങിയ വിവിധ ഘട്ടങ്ങളിലുള്ള ജോലികളുടെ അടിയന്തരസ്വഭാവം പരിഗണിച്ച് ലഭ്യമായ ജീവനക്കാരെ മുൻഗണനാക്രമത്തിൽ വിന്യസിക്കുന്നു.

**സെക്ഷൻ ഓഫീസർ**